# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 107 | 12.03.15 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യസുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>,, കെ.എൻ.എ. ഖാദർ<br>,, എൻ. ഷംസുദ്ദീൻ<br>,, പി. ഉബൈദുള്ള: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് പ്രതികൂലമായി നിലനിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് മുന്നോടിയായി അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുക, മദ്ധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കുക, റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് വരുത്തരുതെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു തീരുമാനം കേന്ദ്രസർക്കാർ ഇതുവരെ അറിയിച്ചിട്ടില്ല |
| (ബി) എന്നുമുതലാണ് ഭക്ഷ്യസുരക്ഷാ നിയമം രാജ്യത്ത് നടപ്പിലാക്കിത്തുടങ്ങിയത് എന്നും ഏതൊക്കെ സംസ്ഥാനങ്ങൾ ഇതേ വരെ അത് പൂർണ്ണമായി നടപ്പാക്കി എന്നും അറിയാമോ ; | (ബി) 2013 ജൂലൈ മാസം 5-ാം തീയതിയാണ് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നത്. ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, ഹരിയാന, രാജസ്ഥാൻ, പഞ്ചാബ്, ബീഹാർ, ഡൽഹി, ഹിമാചൽ പ്രദേശ്, കർണ്ണാടക, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയിട്ടുണ്ട്. |

(സി) ഇക്കാര്യത്തിൽ കേന്ദ്രം എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചു നൽകിയിട്ടുളളത്; അവ പാലിക്കാനുളള തടസ്സങ്ങളെന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത നിയമം എപ്പോൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(സി) ഭക്ഷ്യസുരക്ഷാ നിയമം, 2013 പ്രകാരമുളള മുൻഗണനാ വിഭാഗത്തെ നിശ്ചയിക്കുന്നതിനുളള മാനദണ്ഡം 07.07.14 ലെ സ.ഉ (കൈ) നം.21/14/ഭ.സി.സ.വ പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുളള നടപടികൾ സ്വീകരിച്ചുവരുന്നു. വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. **NFSA** പ്രകാരമുളള ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ സംഭരണശാലകൾ ആവശ്യമുണ്ട്. നിലവിലെ അംഗീകൃത മൊത്തവ്യാപാര ശാലകളുടെ സംഭരണ ശേഷി ഇതിന് പര്യാപ്തമല്ല. അതിനാൽ ദീർഘകാല അടിസ്ഥാനത്തിൽ ഭൂമി ലഭ്യമാക്കി സംഭരണ ശാലകൾ സ്ഥാപിക്കുന്നതിനുളള പദ്ധതി നടപ്പിലാക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഡിജിറ്റലൈസേഷനു വേണ്ടി വിവരശേഖരണം നടത്തി വരുന്നു. **Supply Chain Management** - നുളള എൻ.ഐ.സി.യുടെ **Common Application Software** കേരളത്തിനുവേണ്ടി പാകപ്പെടുത്തി ഉപയോഗിക്കുന്നതിനുളള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. **NFSA** - യുടെ 14-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പരാതി പരിഹാര സംവിധാനത്തിനായുളള നടപടികൾ നടന്നുവരുന്നു. കാൾ സെന്റർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ തലത്തിൽ **DGRO** - മാരെയും സംസ്ഥാനതലത്തിൽ ഫുഡ് കമ്മീഷനേയും നിയമിക്കുന്നതിനുളള നടപടികളും സ്വീകരിച്ചു വരുന്നു.

*സെക്ഷൻ ഓഫീസർ*